# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| | |
|---|---|
| **ജനുവരി 13**<br>**January 13** | **2019** |

***1193 ധനു 29*** **ഞായർ**

# പത്രക്കുറിപ്പ് -1



**www.prd.kerala.gov.in**, **diopta1@gmail.com** **ഫോൺ0468-2222657**


## സുദർശനം വയോജന തീർത്ഥാടന സൗഹൃദ കേന്ദ്രത്തിൽ തിരക്കേറുന്നു

മണ്ഡല മകരവിളക്ക് ഉത്സവത്തിനോടനുബന്ധിച്ച് വയോജന തീർത്ഥാടകർക്കായി സാമൂഹിക നീതി വകുപ്പ് സജീകരിച്ച സൗഹൃദ കേന്ദ്രമായ സുദർശനത്തിൽ തീർത്ഥാടകരുടെ വൻ തിരക്ക്. തീർത്ഥാടനത്തിനെത്തുന്ന വയോജനങ്ങൾക്ക് വിശ്രമിക്കുന്നതിന് സൗജന്യമായി കിടക്കകളും, വീൽ ചെയറുകളും, കുടിവെള്ളം ഉൾപ്പെടെയുള്ള സൗകര്യങ്ങളും സുദർശനത്തിൽ ലഭ്യമാണ്. കൂടാതെ ഡോളി സൗകര്യമാവശ്യമുള്ള മുതിർന്ന പൗരന്മാർക്ക് 1500 രൂപ വരെ വകുപ്പ് സഹായവും നൽകുന്നു. പമ്പയിലും നിലയ്ക്കലുമായി ര ് സുദർശന കേന്ദ്രങ്ങളാണ് പ്രവൃത്തിക്കുന്നത്.

ശബരിമലയിൽ ദർശനത്തിനായി എത്തുന്ന വയോജനങ്ങൾക്ക് ആശ്വാസ കേന്ദ്രം എന്ന നിലയിലാണ് ജില്ലാ ഭരണകൂടവും, സാമൂഹിക നീതി വകുപ്പും, തിരുവിതാംകൂർ ദേവസ്വം ബോർഡും സംയുക്തമായി സുദർശനം പദ്ധതി നടപ്പിലാക്കുന്നത്. സുദർശനം പദ്ധതിയുടെ ഉത്ഘാടനം റാന്നി എം എൽ എ രാജു എബ്രഹാം നിലയ്ക്കലിൽ നിർവഹിച്ചു. വയോജനങ്ങൾക്കായുള്ള സുദർശനം പദ്ധതിയുടെ സൗജന്യ സേവനങ്ങൾ തീർത്ഥാടകർ പരമാവധി പ്രയോജനപ്പെടുത്തണമെന്ന് എം.എൽ.എ പറഞ്ഞു. റാന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഗിരിജാ മധു അധ്യക്ഷത വഹിച്ച ചടങ്ങിൽ പത്തനംതിട്ട ജില്ലാ സാമൂഹിക നീതി ഓഫീസർ എൽ .ഷീബ, ജില്ലാ സാമൂഹിക നീതി ഓഫീസ് സീനിയർ സൂപ്ര ് ഷംലാബീഗം, വാർഡ് മെമ്പർ രാജൻ തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 124/19)


Sample output to test PDF Combine only

**ഫോട്ടോ അടിക്കുറിപ്പ്**

1 ) സാമൂഹിക നീതി വകുപ്പ് സജീകരിച്ച വയോജന സൗഹൃദ കേന്ദ്രമായ സുദർശനത്തിന്റെ ഉദ്ഘാടനം നില്ക്കൽ ബേയ്സ് ക്യാമ്പിൽ രാജു ഏബ്രഹാം എംഎൽഎ നിർവഹിക്കുന്നു.


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്പിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.


**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

Sample output to test PDF Combine only